"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5689 02.07.2019 ൽ മറുപടിയ്ക്ക്

ഫലവൃക്ഷത്തൈവിതരണം

| ചോദ്യം<br><br>ശ്രീ.കെ. ദാസൻ | | ഉത്തരം<br>ശ്രീ. കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി ) | |
|---|---|---|---|
| (എ) | വനം വകുപ്പ് മുഖേന വൃക്ഷത്തൈ വിതരണം നടത്തുമ്പോൾ വലിയ വൃക്ഷത്തൈകൾക്ക് പകരം വീട്ടുപറമ്പുകളിലേക്ക് ആവശ്യമായ ഫലവൃക്ഷങ്ങൾ കൂടുതലായി ഉൾപ്പെടുത്തുവാൻ നടപടി കൈക്കൊള്ളുമോ; നിലവിൽ അവ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (എ) | സാമൂഹ്യ വനവൽക്കരണ വിഭാഗം നിലവിൽ വിതരണത്തിനായി ചെറിയ കൂടതൈകളാണ് തയ്യാറാക്കി വരുന്നത്. ഇപ്രകാരം വിതരണം ചെയ്യുന്ന തൈകളിൽ ഫലവൃക്ഷതൈകൾക്ക് മുൻഗണന നൽകുന്നുണ്ട്. 2018-19 വർഷത്തിൽ ആകെ ഉൽപാദിപ്പിച്ചിട്ടുള്ള 64 ലക്ഷം വൃക്ഷതൈകളിൽ 44.24 ശതമാനവും ഫലവൃക്ഷതൈകളാണ്. പ്ലാവ്, മാവ്, ബദാം, കുടംപുളി, നെല്ലി, ഞാവൽ, പേര, സപ്പോട്ട. മാതളം എന്നീ ഫലവൃക്ഷങ്ങൾ ഉൾപ്പെട്ട 24 ഇനങ്ങളാണ് സാമൂഹ്യവന വൽക്കരണ വിഭാഗം തയ്യാറാക്കി വിതരണം ചെയ്തിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ബി) | പ്ലാവ്, മാവ് തുടങ്ങിയ നല്ലയിനം ഫലവൃക്ഷത്തൈകൾ കുറഞ്ഞ വിലയിൽ വനം വകുപ്പ് മുഖേന വീട്ടുകളിലേക്ക് വിതരണം ചെയ്യുന്ന പദ്ധതികൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ; | (ബി) | ഇത്തരമൊരു പദ്ധതി നിലവിൽ ഇല്ല. എന്നാൽ പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് സർക്കാർ ഉത്തരവ് പ്രകാരം സൗജന്യമായാണ് തൈകൾ വിതരണം ചെയ്യുന്നത്. ഇപ്രകാരം വിതരണം ചെയ്യപ്പെടുന്ന തൈകളിൽ പ്ലാവ്, മാവ് തുടങ്ങി വിവിധ ഇനം ഫലവൃക്ഷങ്ങൾ ഉൾപ്പെട്ടിട്ടുള്ളതാണ്. |
| (സി) | ഫലവൃക്ഷത്തൈകൾ കുറഞ്ഞവിലയിൽ വിതരണം ചെയ്ത് വ്യാപകമാക്കാനുള്ള പദ്ധതികൾ ആലോചനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ? | (സി) | നിലവിൽ ഇത്തരം പദ്ധതികൾ ആലോചനയിലില്ല. എന്നാൽ പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് സർക്കാർ ഉത്തരവ് പ്രകാരം സൗജന്യമായാണ് തൈകൾ വിതരണം ചെയ്യുന്നത്. ഇപ്രകാരം വിതരണം ചെയ്യപ്പെടുന്ന തൈകളിൽ പ്ലാവ്, മാവ് തുടങ്ങി വിവിധ ഇനം ഫലവൃക്ഷങ്ങൾ ഉൾപ്പെട്ടിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ